# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 14 — 28.06.2016 ൽ - മറുപടിക്ക്

### പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ. എ.എം. ആരിഫ്
,, ജോർജ് എം. തോമസ്
,, കെ.ജെ. മാക്സി
,, കെ.ഡി. പ്രസേനൻ :

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം കൂടുതൽ ദുർബലമായതിന്റെ അടിസ്ഥാനത്തിൽ അത് കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ ;

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി)

(എ) റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door step delivery), റേഷൻ സാധനങ്ങൾ ഓൺ ലൈനായി അനുവദിക്കൽ (Online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) എന്നിവയാണ് ഇതര കാര്യങ്ങൾക്കൊപ്പം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അതോടൊപ്പം ഭക്ഷ്യ ധാന്യ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ലക്ഷ്യമിട്ടുള്ള എൻഡ്-ടു- എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനമുള്ള ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കൽ, ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥ തലത്തിലും പൊതുജനങ്ങൾക്കും റേഷൻ വിതരണ/വിഹിത വിവരങ്ങൾ ലഭ്യമാകത്തക്ക വിധം ഒരു സുതാര്യതാ പോർട്ടലും

(Transparency Portal) സജ്ജമാക്കുന്നതിനും ഓരോ പ്രദേശത്തേയും സ്റ്റോക്കിന്റെ സ്ഥിതി, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു **Decision Support System (DSS)** നിലവിൽ വരുത്താനും തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രയോരിറ്റി കാർഡുകൾ ഏർപ്പെടുത്താൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; എങ്കിൽ ഇത് ബി.പി.എൽ ലിസ്റ്റിൽ പെട്ടവരെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഉണ്ട്. 2013 ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ വകുപ്പ് 10 അനുസരിച്ച് മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തേണ്ടതുണ്ട്. മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിലുള്ള എ.എ.വൈ/ ബി.പി.എൽ കാർഡുകളിലുൾപ്പെടുന്നവരുടെ ജനസംഖ്യ 96.03 ലക്ഷമാണ്. എന്നാൽ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം പ്രാബല്യത്തിലാകുന്നതോടുകൂടി 1,54,80,040 (ഒരു കോടി അൻപത്തിനാലു ലക്ഷത്തി എൺപതിനായിരത്തി നാൽപ്പത്) ജനങ്ങൾ മുൻഗണനാ വിഭാഗത്തിലുൾപ്പെടും. ആയതിനാൽ നിലവിലുള്ള ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായവരെ ഇത് പ്രതികൂലമായി ബാധിക്കുകയില്ല. എന്നാൽ അനർഹമായി ആനുകൂല്യങ്ങൾ നേടിക്കൊണ്ടിരിക്കുന്നവർ മുൻഗണനാ പട്ടികയിൽ നിന്ന് പുറത്തുപോകും.

(സി) പൊതുവിതരണ ശൃംഖല അഴിമതി രഹിതവും കാര്യക്ഷമവുമാക്കുവാൻ എന്തെങ്കിലും പദ്ധതി ആലോചിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

(സി) ഉണ്ട്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പിൽ എൻഡ് - ടു - എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനെയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും തിരിമറി പൂർണ്ണമായും തടയുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ **(identification of priority households)**, വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം **(door step delivery)**, റേഷൻ സാധനങ്ങൾ ഓൺ ലൈനായി അനുവദിക്കൽ **(Online allocation)**, പരാതി പരിഹാര സംവിധാനം **(Grievance Redressal Mechanism)**, റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനം വഴിയുളള ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കൽ, ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥ തലത്തിലും പൊതുജനങ്ങൾക്കും റേഷൻ വിതരണ/വിഹിത വിവരങ്ങൾ ലഭ്യമാകത്തക്ക വിധം ഒരു സുതാര്യതാ പോർട്ടലും **(Transparency Portal)** സജ്ജമാക്കുന്നതിനും ഓരോ പ്രദേശത്തേയും സ്റ്റോക്കിന്റെ സ്ഥിതി റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു **Decision Support System (DSS)** രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. .

പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ തിരിമറി, കരിഞ്ചന്ത എന്നിവ തടയാൻ പരിശോധന ശക്തിപ്പെടുത്തുന്നതാണ്.

Thulasi

*സെക്ഷൻ ഓഫീസർ*